


DIGITAL MAGAZINE BY
LITTLE KITES

# സമർപ്പണം

അറിവിൻെറ അക്ഷരവെളിച്ചം ഞങ്ങൾക്കായി പകർന്നു നൽകിയ സ്നേഹനിധിയായ ഗുരുക്കൻമാർക്കുവേണ്ടി......

ഞങ്ങൾക്ക് പ്രചോദനവും കരുത്തുമേകി കഠിനാധ്യാനം കൊണ്ട് വിജയം എന്ന ഒറ്റ ലക്ഷ്യം ഞങ്ങൾക്ക് പകർന്ന് നൽകിയ ഞങ്ങളുടെ മാതാപിതാക്കൾക്ക് വേണ്ടി ......

സ്നേഹിച്ചും കലഹിച്ചും കലാലയമുറ്റത്ത് പാറിപറന്ന സഹപാഠി സുഹൃത്തുക്കൾക്കു വേണ്ടി......

വളർന്നുവരുന്ന മനസ്സിലെ ചെറു ആശയങ്ങൾ കുറിച്ചുക്കൊണ്ട് കേരളീയരുടെ തേൻമൊഴിയായ മലയാളം മുന്നിൽ കണ്ടു കൊണ്ട് പ്രായത്തിൽ കവിഞ്ഞ ആശയങ്ങൾ കവിതയിലൂടനീളം കുറിച്ചുക്കൊണ്ട് ഏവർക്കും ഞങ്ങളുടെ

'തൂലിക'

സമർപ്പിക്കുന്നു

# ഉള്ളടക്കം

1.പൂങ്കോഴി
2.തത്തമ്മ
3.ജീവിതം
4.എൻെറ കേരളം
5.മലയാളം
6.മഴ
7.സൗഭാഗ്യം
8.train
9.ഇലപൊഴിയും കാലം
10.എങ്കിലും ഇന്നും
11.MY MOTHER AT HEAVEN
12.ഓർമ്മച്ചെപ്പ്
13.കാട്ടുപുൽത്തണ്ട്
14.LITTLE ROSE
15.ബോണ്ട
16.beautiful tree
17.കുഞ്ഞിക്കാറ്റ്
18.സൗഹൃദം
19.വല്ലാത്തൊരു പിപ്പിരി

# പൂങ്കോഴി

കുഴഞ്ഞ മണ്ണിൽ
ഇഴഞ്ഞു  വരുന്ന
കുഞ്ഞൻ  ഞാഞ്ഞൂല്
കൊതിച്ചു തുള്ളി
പാഞ്ഞുവരുന്ന
മഞ്ഞപ്പൂങ്കോഴി

ജിത്ത്

# തത്തമ്മ

ഒരിടത്ത് ഒരു കാക്കച്ചിയും തത്തമ്മയും നായ്ക്കുട്ടനും ഉണ്ടായിരുന്നു.

"ഹ്ഹം എന്റെ പച്ചത്തൂവലും ചുവന്നച്ചുണ്ടും കാണാൻ നല്ല ഭംഗിയാ" തത്തമ്മ ഒരു ദിവസം കാക്കച്ചിയോട് പറഞ്ഞു.ഇത് നായ്ക്കുട്ടൻ കേട്ടു. തത്തമ്മയെ കാണാൻ ഭംഗിയുണ്ട്.പക്ഷേ തത്തമ്മയെ കൊണ്ട് ആർക്ക് എന്ത് പ്രയോജനം? വയലിലെ ധാന്യം മോഷ്ടിക്കുന്നത് നിയല്ലേ? എന്നാൽ പരിസരം വൃത്തിയാക്കുന്നത് കാക്കച്ചിയാണ്. അപ്പോൾ അവളല്ലേ മിടുക്കിയ? നായ്ക്കുട്ടൻ ചോദിക്കുന്നതു കേട്ട് തത്തമ്മ നാണിച്ച് പറന്നു പോയി......



സൗമ്യ കെ.

# ജീവിതം

ഏകാന്തമായ് എൻ ജീവിതം
നൊമ്പരം മാത്രമായ്
എൻ ജീവിതം

ഓർക്കുമ്പോൾ കാണ്ണാം
കണ്ണീരിലലിയും
നൊമ്പരമാണെൻ ജീവിതം

ആരോരുമില്ലാതെ ഞാനീ
ഇടവഴിയിലൂടെ അലയുമ്പോൾ
ആരു കാണുമെൻ ജീവിതം
ആരു കേൾക്കുമെൻ നൊമ്പരം

മാഞ്ഞൂ എൻ ജീവിതം
എന്തിന് നിങ്ങൾ മായിച്ചു
കളഞ്ഞു എൻ ജീവിതം-



ദേവപ്രിയ ഷാജി

# എന്റെ കേരളം

കേരളം കേരളം എന്റെ കേരളം
എനിക്ക് ജന്മം തന്ന കേരളം
പച്ചപ്പട്ട് വിരിച്ചു നിൽക്കുന്ന
മല നിരകളും
കവിഞ്ഞൊഴുകുന്ന തോട്ടുകളും
എന്ത് സുന്ദരമെന്റെ കേരളം
കേരളം കേരളം
കേളികേട്ട കേരളം



കേരം തിങ്ങും കേരളം
കളകളമൊഴുകും
നദികളും കാട്ടാറുകളും
പൂച്ചോലകളും
കാഹള ധ്വനി കേരളം

ലത



# മലയാളം


എൻമൊഴി തേൻമൊഴി മലയാളം
നമ്മുടെ  തായ് മൊഴി മലയാളം
കേരളനാടിൻ  മലയാളം
കേളി ഉണരും പ്രിയനാദം

ആ മൊഴിയമ്മിഞ്ഞപ്പാലെൻ
ചുണ്ടിൻ തേൻ നുകരും  മലയാളം
അറിവിൻ അരിയ വെളിച്ചം നൽകിയ
വായ് മൊഴിയാണെൻ മലയാളം

ആ മൊഴി എൻ അൻപിൻ
പൂമഴയുതിരും സ്നേഹമൊഴി
**മലയാളം എൻ മലയാളം**

**അജിത്ത്**

# മഴ



ദ്ദൂമിതൻ കൈൽകളാൽ നിറയും
മഴ ഓർമ്മകളിൽ പെയ്തിറങ്ങുന്ന
ചെറുമഴ മിഴികളിൽ നിറയുന്ന വേദന മഴ
ഒരു തുള്ളിയിൽ ലോകം മുഴുവൻ
കാണും
മണ്ണിനെ അറിഞ്ഞു നനയ്ക്കുന്ന മഴ
പുതുമഴ പുതു മഴ എൻ മഴ
ജീവിതത്തിന് പുത്തൻ നിറങ്ങളും
വെളിച്ചവും നൽക്കുന്ന എൻ മഴ
എന്നെ വിസ്മയ തുമ്പത്ത് എത്തിച്ചു
സൊപ്ന തീരങ്ങളേ മനസ്സിൽ
ഉണർത്തീടും എൻ ജീവനേ
നിലനിർത്തും

# സൗഭാഗ്യം



തിളങ്ങുന്ന നക്ഷത്രത്തിനു ചുറ്റും
കറങ്ങുമെൻ പ്രപഞ്ചമെ
നീ ഞങ്ങളുടെ സൗഭാഗ്യം

കളകളമൊഴും അരുവികളും
പചവിരിച്ച മലനിരകളും
ഭൂമിതൻ സൗഭാഗ്യം

ആരാണ് ഭൂമിയെ നശിപ്പിച്ചത്
ആരാണ് ആ മനുഷ്യമൃഗം
അവൻ തന്നെ ഭൂമിയുടെ ശത്രു

ആരുണ്ട് ഭൂമിയെ രക്ഷിക്കാൻ
ആരാണ് ആ മനുഷ്യൻ
അവൻ തന്നെ ഭൂമിയുടെ മകൻ

ദേവപ്രിയ

# TRAIN

A little train
come to the hen
eating the ice
running in the rabbit
my name is Adhira
what a beautiful van
I' am Akhil
our nation
forth month april
oh wonder full names
not about
I' am a teacher
were is hotel
eating in the apple

**josna**

# ഇലപൊഴിയും കാലം

നീ,

ഞാൻ തിരിച്ചെത്തും കാത്ത്

മച്ചിൻെറ ശൂന്യതയിൽ മിഴിനട്ട്

ആശകളിൽ മുഴുകുന്നത്

ഞാനറിയുന്നു



പക്ഷേ,

പകൽ കിനാവുകൾ പോലും

അന്യമായ് കൊണ്ടിരിക്കുന്ന എൻെറ

ഈ ലോകത്ത്

നിലനിൽപിൻെറ മാർഗങ്ങൾ തേടി

ഞാൻ നടന്നപ്പോൾ

നിൻെറ നേർത്ത നിശ്വാസങ്ങളും

ആർദ്രങ്ങളും,

മറക്കുവാണെനിക്കിഷ്ടം

നിധിൻ

# എങ്കിലും ഇന്നും



എങ്കിലും ഇന്നും ജീവിതമേ
ഞാൻ സ്നേഹിക്കുന്നു നിന്നെ
മങ്ങിയ മിഴികളിലൂ ഉദയമുദാരം
ബിംബിതമാവാതായി.
    മന്ദം ശിലയായ് മാറിയ നീ
    സ്പന്ദിതവാവതായി
    തരളം കൺഡം മുയർന്നൊരു
    ഗാനമുറക്കെപ്പാടാതായി
അനുരാഗത്തിൽ ഭാഷമറന്നോ നീ
എങ്കിലും ഇന്നും ജീവിതമേ
ഞാൻ സ്നേഹിക്കുന്നു നിന്നെ...

*ഹന്ന .പി. സാബു*

# My mother
# At heaven

oh ! My lady of heaven
my sweet and cute mother
of heavenly beauty

listen oh listen to the cries of sinners
weeping in this vale of tears
oh my alma mater of spirituality
a very beauty of purity

keep me with your son
and pat me with your care
keep me in your lap and pamper
let me sleep there with serenity

***nidhin***

# ഓർമ്മച്ചെപ്പ്



പിന്നെയും പിന്നെയു
ഒരു നേർത്ത നോവിൻെറ
മൃദു സംഗിതമായ്
നിൻ രുപമെൻ മനക്കണ്ണാടിയിൽ
തളിയുന്നുവോ
മനസ്സിൽ നിൻപുഞ്ചിരിയുടെ
നനുത്ത സ്പർശവുമായി
കാലത്തിൽ ജരകളെ പേറാത്ത
ഓർമ്മകളുമായ്

അലിയുന്നിതെന്നിൽ നിൻ
ചിരുയും മൊഴിയും ഓർമ്മകളും

***അഖിൽ***

# കാട്ടുപുൽതണ്ട്



കാട്ടുപുൽതണ്ടിലൂടെ കൊട്ടും
വനത്തിൽ പൂചോലയിൽ
തട്ടി തടഞ്ഞ് പവിഴമണിപോലെ
മുല്ലമൊട്ടുപോലെ
വീശുന്ന തണുത്ത കാറ്റിനോടൊപ്പം
പാട്ടിൻെറ ഈണത്തിൽ
ഒഴുകിയെത്തുന്ന നീ
മരച്ചില്ലകളുടെ ഇലകളിൽ
തട്ടി പൊൻ സൂര്യൻ പവിഴ മുത്തുകളിൽ
സ്പർശിക്കുന്നു
ലോകം മുഴുവൻ തെളിയുന്ന നിന്നിൽ
ദിവ്യ ചൈതന്യം തെളിയുന്നു

***ലത***

# LITTLE ROSE

LITTLE ROSE

LITTLE ROSE

HOW BEAUTIFUL

LITTLE ROSE

HOW BEAUTIFUL

BEAUTIFUL YOUR COLOUR

AND WONDERFUL

LITTLE ROSE LITTLE ROSE

BEAUTIFUL YOUR LEAVES

AND WONDERFUL

LITTLE ROSE BEAUTIFUL

AND LITTLE ROSE WONDERFUL

LITTLE ROSE LITTLE ROSE

LITTLE ROSE BY , BY, BY

***KRISHNA SANTHOSH***

# ബോണ്ട

കുട്ടപ്പൻ ചേട്ടന്റെ ബോണ്ട പൊളിച്ചപ്പോ
തുള്ളികളിചൊരു കുഞ്ഞുപ്പുഴ



തുള്ളിക്കലെളിച്ചൊരു കുഞ്ഞുപ്പുഴ
ബോണ്ടക്കുള്ളിലെ പുഴുക്കളെങ്ങനെ
ഗഡുകളായി ലഡുകളായി ലാലലാലലാ
..........

***അഖിൽ***

# Beautiful *Tree*

*What a beautiful Tree*
*what a beautiful Tree*
*How many a mango what a tree*
*what a beautiful tree*
*what a beautiful tree*

*Eating to the mango*
*Eating to the mango*
*What a beautiful tree*
*what a beautiful tree*

***Ajith***

# കുഞ്ഞിക്കാറ്റ്



മലയും പുഴയും കാടും കടന്ന്
ഇളം തെന്നലായി വന്നു
കുളിരണിയിക്കാൻ നീയെന്നെ
കാറ്റേനിൻ തലോടലേൽ ഏക്കാൻ
എന്തുരസം
നിന്നേക്കുറിച്ചോർക്കാനെന്തു രസം

***നിള***

# സൗഹൃദം

ജനവാസമില്ലാത്ത ഒരു ഗ്രാമത്തിൽ കുറെ എലികൾ മാത്രമാണ് താമസിക്കുന്നത് ആയിടക്കാണ് ആനക്കൂട്ടം അവിടെതാമസിക്കാനെത്തിയത് ആനകളുടെ കാലിനടിയിൽപ്പെട്ട് അനേകം എലികൾ ചത്തു എലികൾആനകളുടെ രാജാവിനെ ചെന്നു കണ്ടുകാലു പിടിച്ചു പറഞ്ഞു, 'അല്ലയോ, മഹാരാജാവേ.... അങ്ങയുടെ ആളുകളോടു ദയവായി സൂക്ഷിച്ചു നടക്കാൻ പറയണേ.....'

ഇതുകേട്ട് രാജാവ് പറഞ്ഞു..."ഞങ്ങൾ ഇഷ്ടം പോലെ നടക്കും"എലികൾ നിരാശയായി.ആ ഇടക്കാണ് അവിടെ ആനപിടിത്തക്കാർ എത്തിയത്. അവർ ഒരുക്കിയ കെണിയിൽ ആനകൾ കുടുങ്ങി.അവർക്ക് രക്ഷപ്പെടാൻ ഒരു വഴിയുമില്ല. അപ്പോൾ അതുവഴി എലികളുടെ നേതാവെത്തി. ആനകൾ കെണിയിൽ പെട്ടിരിക്കുന്നത് കണ്ടു.ഉടൻ തന്നെ തൻെറ കൂട്ടരെ വിളിച്ചു കൂട്ടി *കെണിയിൽ നിന്നും രക്ഷപ്പെടുത്തി.ജീവൻ രക്ഷിച്ച എലികളോട് ആനകൾ നന്ദി പറഞ്ഞു. അന്നു മുതൽ* അവർ ചങ്ങാതിമാരായി.........

**അഖിൽ അനിൽ**

# വല്ലാത്തൊരു പിപ്പിരി

മഹാ വികൃതിയാണ് പിപ്പിരിക്കരടി ഒരു ദിവസം പിപ്പിരിയുടെ മുൻപിൽ ഒരു കുട്ടിക്കുരങ്ങൻ വന്നുപ്പെട്ടു പാവം കുട്ടിക്കുരങ്ങൻ കരഞ്ഞുകൊണ്ട് ഒരു മരത്തിന്റെ മുകളിലെ ചില്ലയിലെക്ക് ഒറ്റച്ചാട്ടം പക്ഷെ പിപ്പിരിയും ഒറ്റച്ചാട്ടം പക്ഷെ പിപ്പിരിയുടെ ചാട്ടം പിഴച്ചു അവൻ പിടിവിട്ട് ഒരു പാറക്കല്ലിൽ ടപ്പോന്ന് വീണു. ഹയ്യോ വീണെ മെലാകെ വെദനിച്ച് കരഞ്ഞ പിപ്പരിയെ വീട്ടിൽ
എത്തിച്ചത് കുട്ടികുരങ്ങനും കൂട്ടുകാരുമാണ് എന്തായാലും
ആ വീഴ്ച്ചയോടെ പിപ്പിരിയുടെ വികൃതി കുറെയൊക്കെ മാറി

അജിത്ത് സെൽവം

ഉലികയിലൂടെ കണ്ണോടിച്ചതിന്.........

# നന്ദി.